# പെരുവന്താനം ഗ്രാമ പഞ്ചായത്ത് കാര്യാലയം


പെരുവന്താനം പി.ഒ., ഇടുക്കി -685532

email-peruvanthanamgppvm@gmail.com

ഫോൺ : 04869 280330


---

നം. ജെ.സി.3/2229/24 തിയതി : 04.09.2024

പ്രേഷകൻ

സെക്രട്ടറി

പെരുവന്താനം ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ശ്രീ സുബിൻ സെബാസ്റ്റ്യൻ,വാതല്ലൂർ,കണയങ്കവയൽ,പി.ഒ

സർ,

വിഷയം : തദ്ദേശ അദാലത്തിൽ പെരുവന്താനം പഞ്ചായത്തിലെ 6/743 നം. കെട്ടിടത്തിന്റെ ഉടമസ്ഥതമാറ്റം സംബന്ധിച്ച് നല്കിയ പരാതി

സൂചന : 1. ഈകാര്യാലയത്തിൽ ലഭിച്ച ജെ.സി.3/22229/24 നം. അപേക്ഷ

സൂചന : 2. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 23(ii)

സൂചന പ്രകാരം ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ 6/273 നം. കെട്ടിടം ഉടമസ്ഥർ നേരിട്ടല്ലാതെ വിദേശരാജ്യത്തെ നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയതും ആർ.ഡി.ഒ ഓഫീസിൽ നിന്നും അഡ്ജൂഡിക്കേറ്റ് ചെയ്യപ്പെടാത്തതുമായ മുക്ത്യാർ മുഖാന്തിരം രജിസ്റ്റർ ചെയ്യപ്പെട്ടതായി കാണുന്നു.ആയതിനാൽ സൂചന 2. പ്രകാരമുള്ള നോട്ടീസ് കെട്ടിട ഉടമസ്ഥർക്ക് നല്കി പ്രതികരണം ലഭിയ്ക്കുന്നതിനായി ഒരു മാസം സാവകാശം അനുവദിയ്ക്കേണ്ടതിനാലാണ് നിലവിൽ തീർപ്പാക്കാൻ കഴിയാത്തത്. നിലവിലെ ഉടമസ്ഥർക്ക് 07.08.2024 തിയതിയിൽ കത്തയച്ചിട്ടുള്ളതാണ്. കൂടാതെ കെട്ടിടത്തിന്റെ ഉടമസ്ഥത മാറ്റുന്നതിൽ ഈ ആധാരം സാധുവാണോയെന്ന് സ്പഷ്ടീകരണം ലഭിയ്ക്കുന്നതിന് പീരുമേട് ഭൂരേഖ തഹസിൽദാർക്കും കത്ത് നല്കിയിട്ടുണ്ട്.

ആയത് പ്രകാരം നിലവിലുള്ള ഉടമസ്ഥർ എതിർപ്പ് അറിയിക്കാതിരിയ്ക്കുകയും, പീരുമേട് ഭൂരേഖ തഹസിൽദാറിൽ നിന്നും അനുകൂല മറുപടി ലഭ്യമാകുകയും ചെയ്യുന്ന ക്രമത്തിന് ഉടമസ്ഥത മാറ്റി നല്കുന്നതാണെന്ന വിവരം അറിയ്ക്കുന്നു.

വിശ്വസ്തതയോടെ

SECRETARY
...am Grama Panchayat